# ഇവിടെ സ്ഥലമുണ്ടോ?



ഗ്ലാഡ്സൺ പാറയിൽ

വീണ്ടും ഒരു ക്രിസ്തുമസ് കാലം. നക്ഷത്രങ്ങളും, ദീപാലങ്കാരങ്ങളും, ബലൂണുകളും മിന്നിതെളിയുന്ന ഡിസംബർ മാസം. വർഷാവസാനത്തിലെ നഷ്ട സ്വപ്നങ്ങൾ മനസ്സിന്റെ കണ്ണാടിയിൽ നിഴൽ വീഴ്ത്തുമ്പോൾ, പുതുവർഷ പിറവിയുടെ ശബ്ദകോലാഹലങ്ങൾ വീണ്ടും ഉത്സാഹഭരിതമായ ശാന്തസുന്ദര ദിനങ്ങൾ സ്വപ്നം കാണാൻ നമ്മെ കൊതിപ്പിക്കുന്നു.

എന്റെ മനസ്സ് 25 വർഷം മുമ്പുള്ള ഒരു ക്രിസ്മസ് രാത്രിയിലേക്ക്, ഗൃഹാതുരമായ ഒരുപിടി ഓർമ്മകളുണർത്തി യാത്രയാവുകയായിരുന്നു. ഞങ്ങളുടെ പള്ളിയും വർണ്ണശബളിമയാർന്ന ദീപാലങ്കാരങ്ങളാൽ പ്രശോഭിതമായി നിൽക്കുന്നു. ക്രിസമസ് കരോൾ ഗാനങ്ങൾ വീടുകൾ തോറും ആലപിച്ച് തളർന്ന ഒരു പകൽ കാലം കഴിഞ്ഞുപോയി. ഇന്ന്, ക്രിസ്മസ് രാത്രിയിൽ, പ്രത്യേക പ്രാർത്ഥനക്കുശേഷം നടക്കുവാൻ പോകുന്ന തിരുപ്പിറവി നാടകം എന്റെ ഹൃദയത്തിൽ തെല്ല് പിരിമുറുക്കം പകർന്നിരിക്കുന്നു. കാരണം, യോസേഫ് എന്ന കേന്ദ്ര കഥാപാത്രം തന്മയത്വമായി അവതരിപ്പിക്കാനെനിക്ക് കഴിയുമോ, എന്നൊരു സന്ദേഹം. ചില മണിക്കൂറുകൾക്ക് ശേഷം ഞങ്ങളുടെ നാടകം ആരംഭിച്ചു. ഇടവകയിലെ വമ്പിച്ച ജനാവലിയും, പുരോഹിതന്മാരും നാടകം നന്നായി ആസ്വദിക്കുന്നുണ്ട്. സഭാകമ്പം ഞങ്ങളുടെ ഹൃദയങ്ങളെ തെല്ല് പരിഭ്രമിപ്പിക്കുന്നുണ്ടെങ്കിലും, യാന്ത്രികമായ താളത്തോടെ പഠിച്ചതെല്ലാം ആത്മാർത്ഥമായി അവതരിപ്പിച്ചുകൊണ്ടേയിരുന്നു. യോസേഫായ ഞാൻ പൂർണ്ണ ഗർഭിണിയായ മറിയയെ താങ്ങിപ്പിടിച്ച് യേശുവിന്റെ ജനനത്തിനായി ഒരു സ്ഥലം അന്വേഷിച്ച് നടക്കുകയാണ്. ഓരോ വാതിലിൽ മുട്ടുമ്പോഴും കരുണാഹീനമായ മറുപടിയും, തിരസ്കരണവുമാണ് ഞങ്ങൾക്ക് ലഭിക്കുന്നത്. ആലംബഹീനരായിരിക്കുന്ന ഞങ്ങളുടെ ദയനീയമായ അവസ്ഥ പ്രേക്ഷകരിലേക്ക് പകർന്നപ്പോൾ, ഞങ്ങളോടൊന്നിച്ച് അവരും ദുഃഖിച്ചു. സഹതാപ പൂർണ്ണമായ അവരുടെ മുഖവും, ശാന്തമൂകതയും ഞങ്ങളുടെ അഭിനയം അവർ ഒരു യാഥാർത്ഥ്യമായി അംഗീകരിച്ചുവോ എന്ന് തോന്നിപ്പിക്കുന്ന വിധമായിരുന്നു. ഉത്ഘണ്ഠയും, ക്ഷീണവും, ദുഃഖവും തിങ്ങിയ ഞങ്ങളുടെ മുഖങ്ങൾ ആരിലും സഹതാപം ഉണർത്തുന്നതായിരുന്നു. യോസേഫിന്റേയും, മറിയയുടേയും മനസ്സിൽ അവസാനത്തെ പ്രതീക്ഷയായി, ഒരു ചെറിയ സത്രം മാത്രമാണ് ശേഷിക്കുന്നത്. ഞങ്ങൾ ആ സത്രത്തിന്റെ അരികിലെത്തി. ദയനീയമായ ശബ്ദത്തിൽ, ഇവിടാരുമില്ലേ എന്ന് വാതിലിൽ മുട്ടി വിളിച്ചു. അല്പനേരം കഴിഞ്ഞ് സത്രം സൂക്ഷിപ്പുകാരനായി അഭിനയിക്കുന്ന പത്ത് വയസ്സുകാരനായ ടോണി വാതിൽ തുറന്നുവന്നു. അവനിൽ നിക്ഷിപ്തമായിരുന്ന ഉത്തരവാദിത്വം, വളരെ കർക്കശമായി ''ഇവിടെ സ്ഥലമില്ല'' എന്ന് പറഞ്ഞ് വാതിൽ കൊട്ടിയടക്കുക മാത്രമായിരുന്നു. അതനുസരിച്ച് ''ഇവിടെ സ്ഥലമില്ല'' എന്നവൻ പറയുകതന്നെ ചെയ്തു. പക്ഷെ ഞങ്ങളുടെ ദുഃഖവും വേദനയും അവന്റെ കുഞ്ഞ് ഹൃദയത്തെ വല്ലാതെ ഉലച്ചു. പഠിച്ചിരുന്നതുപോലെ തിരിഞ്ഞുനടന്ന് വാതിൽ കൊട്ടിയടക്കുവാൻ ടോണിക്ക് കഴിഞ്ഞില്ല. യോസേഫിന്റേയും, മറിയയുടേയും സങ്കടം അവന്റെ ഹൃദയത്തെ തരളിതമാക്കിയപ്പോൾ അവൻ പരിസരം മറന്ന് എന്റെ കരങ്ങൾ ബലമായി പിടിച്ചുകൊണ്ട് നിറകണ്ണുകളോടെ, അപ്രതീക്ഷിതമായി ഇങ്ങനെ പറഞ്ഞു. ''ഇവിടെ സ്ഥലമില്ലെങ്കിലും, വിഷമിക്കണ്ട നിങ്ങൾക്ക് എന്റെ വീട്ടിൽ സ്ഥലമുണ്ട് ''. ഇത് കേട്ട ജനമെല്ലാം ആർത്ത് ചിരിച്ചു. ലജ്ജിതരായ ഞങ്ങൾക്ക് നാടകത്തിന്റെ അടുത്ത ചുവടുകൾ വെക്കാനായില്ല. അങ്ങനെ ആ നാടകം ഒരു പരാജയമായി പരിണമിച്ചു.

എങ്കിലും ടോണിയുടെ ഹൃദയം രണ്ടായിരം വർഷങ്ങൾക്കുമുന്നേ സംഭവിച്ച യേശുവിന്റെ ജനന ചരിത്രത്താൽ സ്വാധീനിക്കപ്പെട്ടുപോയി. നാടകത്തിന് അപ്രതീക്ഷിതമായ അന്ത്യം ടോണി മുഖാന്തരം ഉണ്ടായി എങ്കിലും, തന്റെ ഹൃദയത്തിൽ യേശുവിന് ജനിക്കാനും, ജീവിക്കാനും അനുയോജ്യമായി അവന്റെ ഹൃദയ കവാടം തുറന്നുകൊടുക്കാൻ ഇതൊരു കാരണമായി ഭവിച്ചു.



ദൈവമായ യേശു എന്തിന് ദരിദ്രനായി ഭൂമിയിൽ ജനിച്ചു?. നീതിമാനും, ദീനദയാലുവുമായി ജീവിച്ചവൻ എന്തിന് ക്രൂരമായി ക്രൂശുമരണം ഏൽക്കേണ്ടിവന്നു?. അവന്റെ കുഞ്ഞുമ

നസ്സിനെ നീറ്റിയ ചോദ്യങ്ങൾ അനവധിയായിരുന്നു. അന്ന് രാത്രി തന്നെ ആ ചോദ്യങ്ങൾ തന്റെ പപ്പയോടവൻ ചോദിച്ചു. ഉണ്ണിയേശുവായിരുന്ന, യേശു അപ്പച്ചൻ അവനെ സ്നേഹിച്ച്, അവന്റെ പകരക്കാരനായി പാപങ്ങൾ ഏറ്റെടുത്ത് ക്രൂശിൽ മരിച്ചതും, മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റതും, വീണ്ടും വരാൻ പോകുന്നതും പപ്പാ അവന് ലളിതമായി വിവരിച്ചുകൊടുത്തു. ആ സത്യചരിത്രം, ഒരു യഥാർത്ഥ്യമായി, ഹൃദയംഗമമായി, ടോണിക്ക് അംഗീക രിക്കുവാൻ ഇടയായി. ദൈവ ഗ്രന്ഥമായ വേദപുസ്തകത്തെ പൂർണ്ണമായി വിശ്വസിച്ചുകൊണ്ട്, യേശുവിനെ തന്റെ ജീവിതത്തിന്റെ മേലുള്ള കർത്താവായി, നിയന്ത്രിതാവായി അംഗീകരിക്കുവാനും, ആ അംഗീകാരം, ഒരു ഉടമ്പടിയായി പള്ളിയിൽ പരസ്യമായി പറയുവാനും ടോണി ധൈര്യം കാണിച്ചു. വേദപുസ്തകം പറയുന്നതു പോലെ താനൊരു പുതിയ സൃഷ്ടിയായി തീർന്നിരിക്കുന്നത് ജീവിതത്തിൽ അവൻ അനുഭവിച്ചറിഞ്ഞു. പരിശു ദ്ധാത്മാവിൽ നിറഞ്ഞ ജീവിതത്തിനുടമയായി. യേശുവിനെ സ്നേഹിക്കുന്നതിനാൽ ബൈബിളിൽ വ്യക്തമാക്കി യിരിക്കുന്ന ദൈവീക കല്പനകൾ അക്ഷരപ്രകാരം അനുസരിക്കുവാൻ ടോണിയുടെ ജീവിതത്തിൽ ഇടയായി തീർന്നു. അങ്ങനെ ദൈവത്തോടുള്ള അനുസരണത്താൽ അർത്ഥപൂർണ്ണമായ ഒരാത്മീയ, ഭൗതീക ജീവിതം നയിക്കുവാൻ അവന് സാധിച്ചുകൊണ്ടിരിക്കുന്നു.

ഇന്ന് അവന് നിങ്ങളോടും പറയുവാനുള്ളത് വേദപുസ്തകത്തിൽ ദിവസം വ്യക്തമാക്കാത്ത ക്രിസ്മസ് രാത്രി യെക്കുറിച്ചല്ല. മറിച്ച് യേശുക്രിസ്തുവിന് നിങ്ങളോടുള്ള വ്യക്തിപരമായ സ്നേഹത്തെക്കുറിച്ചും, ആ സ്നേഹ ത്തിന് പകരമായി നൽകേണ്ടിവന്ന യേശുവിന്റെ ക്രൂശുമരണത്തെക്കുറിച്ചുമാണ്. യേശുക്രിസ്തു പറഞ്ഞു, എന്നെ സ്നേഹിക്കുന്നവൻ എന്റെ കല്പനകൾ പ്രമാണിക്കും. താങ്കളുടെ ജീവിതത്തിൽ ഈ ദൈവമായ യേശു വിനെ സ്നേഹിച്ച്, അവന്റെ കല്പനകൾ പ്രമാണിച്ച് ജീവിക്കാൻ ഇടയാകുന്നുണ്ടോ?. "ഞാൻ നല്ല ഇടയനാകു ന്നു, നല്ല ഇടയൻ ആടുകൾക്ക് വേണ്ടി തന്റെ ജീവനെ കൊടുക്കുന്നു" എന്നുപറഞ്ഞ കർത്താവ്, തന്റെ ശിഷ്യ ന്മാർക്ക് അനുസരിക്കേണ്ട കല്പനകൾ ബോദ്ധ്യമാക്കിക്കൊടുത്തു. ആ ശിഷ്യന്മാർ യേശുക്രിസ്തുവിനോടുള്ള സ്നേഹത്താൽ അവയെല്ലാം അക്ഷരപ്രകാരം അനുസരിച്ച് പോരുകയും, ഇന്ന് ജീവിക്കുന്ന നാമും അവയെല്ലാം അനുസരിക്കേണ്ടതിനായി വേദപുസ്തക ലേഖനങ്ങളിൽ കൂടെ തലമുറകൾക്കായി, ദൈവനിയോഗത്താൽ കുറിച്ച് വെക്കുകയും ചെയ്തു. ആദ്യ നൂറ്റാണ്ടിൽ യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിന് ശേഷം പത്രോസപ്പോ സ്തലന്റെ പ്രസംഗം കേട്ടവരുടെ അനുസരണം നാമിങ്ങനെയാണ് വായിക്കുന്നത്. "അവന്റെ വചനം കേട്ടവർ സ്നാനം സ്വീകരിച്ചു. ആ ദിവസം തന്നെ മൂവായിരത്തോളം ആളുകൾ അവരോടുചേർന്നു. അവർ അപ്പോസ്ത ലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താത്പര്യപൂർവ്വം പങ്കുചേർന്നു. രക്ഷ പ്രാപിക്കുന്നവരെ കർത്താവ് അവരുടെ ഗണത്തിൽ (സഭയിൽ) പ്രതിദിനം ചേർത്തുകൊണ്ടിരുന്നു". (അപ്പോ സ്തല പ്രവർത്തനങ്ങൾ 2:41, 42, 47). ഇന്നും ടോണിയുടെ ജീവിത ലക്ഷ്യം മറ്റൊന്നുമല്ല. താൻ സനേഹിക്കുന്ന തന്റെ സുഹൃത്തുക്കളേയും, ബന്ധുജനങ്ങളേയും മാത്രമല്ല തനിക്ക് നേരിട്ടറിയാത്തവരേയും എങ്ങനെയെങ്കിലും പുതുജനനത്തിന്റെ അനുഭവമുള്ളവരായി തീർക്കണം എന്നത് മാത്രമാണ്. അതിനായി വ്യക്തിപരമായി സംസാ രിച്ചും, സുവിശേഷപ്രതികൾ നൽകിയും, ഇ-മെയിലിലൂടെയും ആസന്നമായിരിക്കുന്ന നരക തീപൊയ്ക യിൽനിന്ന് രക്ഷനേടുവാനുള്ള മാർഗ്ഗം ടോണി ലജ്ജയില്ലാതെ മറ്റുള്ളവരേയും അറിയിച്ചുകൊണ്ടിരിക്കുന്നു. ആയ തുകൊണ്ട് ഈ ക്രിസ്മസ് കാലം ഒരു സ്വയ വിവേചനത്തിന്റെ ദിവസങ്ങളായി തീരട്ടെ. വീണ്ടും ജനന അനുഭ വത്തിൽ കൂടെ നരക വിമുക്തി നേടി, സ്വർഗ്ഗം നേടുവാൻ ടോണിയെപ്പോലെ നിങ്ങളുടെ ഹൃദയമാകുന്ന ഭവനം തുറന്ന് കൊടുക്കുവാൻ ഞാനും താഴ്മയോടെ നിങ്ങളോടപേക്ഷിക്കുന്നു.

കൂടുതൽ അറിയുവാൻ ആഗ്രഹിക്കുന്നു എങ്കിൽ... adelphoinews@gmail.com



Tetelestai TRACTS
gladsonparayil@gmail.com